പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2805 10.12.2014 -ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ ക്ഷേമ പെൻഷനുകൾ

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

കാസർഗോഡ് ജില്ലയിൽ ക്ഷേമ പെൻഷനുകൾ എത്ര കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും ഇതുവരെ ഏതു മാസം വരെയുള്ള പെൻഷൻ നല്കിയിട്ടുണ്ടെന്നും ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ വൈകുന്നതിന്റെ കാരണവും വ്യക്തമാക്കാമോ?

മറുപടി

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

തൊഴിൽ വകുപ്പ് മുഖേന നല്കി വരുന്ന കർഷക തൊഴിലാളി പെൻഷൻ, കേരള അസംഘടിത തൊഴിലാളി റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ എന്നിവ 2014 ജൂൺ മാസം വരെ നല്കിയിട്ടുണ്ട്. കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ 2014 നവംബർ വരെ നല്കിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾ നേരിട്ട് നല്കുന്ന പെൻഷൻ കുടിശ്ശിക ഇല്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകൾക്ക് തൊഴിൽ വകുപ്പ് മുഖേനയാണ് പെൻഷൻ നല്കുന്നത്. ടി ബോർഡുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകയും അധിഷണൽ ആതറൈസേഷൻ മുഖേന കണ്ടെത്തുന്ന തുകയും ഉപയോഗിച്ചാണ് പെൻഷൻ നല്കുന്നത്.

Deepa
സെക്ഷൻ ഓഫീസർ